ആദിവാസി പുനരധിവാസമിഷന്റെ പ്രവർത്തനങ്ങൾ

234 (6885) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കായിക,ബാംബൂ വകുപ്പുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി പുനരധിവാസ മിഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുതപദ്ധതിയുമായി ഏതെല്ലാം ഏജൻസികളാണ് സഹകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഉണ്ട്. ആദിവാസി പുനരധിവാസ വികസന മിഷൻ മുഖാന്തിരം 2002 ജനുവരി 1 മുതൽ ആദിവാസികൾക്ക് ഭൂമി നൽകിയുള്ള പുനരധിവാസ പദ്ധതി ആരംഭിച്ചു. നാളിതുവരെയുള്ള പ്രവർത്തനഫലമായി കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ, എറണാകുളം, ഇടുക്കി, കോട്ടയം, ആലപ്പുഴ, കൊല്ലം ജില്ലകളിലായി 7028 കുടുംബങ്ങൾക്ക് 9157.94 ഏക്കർ ഭൂമി ഇതുവരെ വിതരണം ചെയ്തു. പുനരധിവാസ മേഖലകളിൽ അടിസ്ഥാന ജീവിത സൗകര്യങ്ങളും ജീവനോപാധി പ്രവർത്തനങ്ങളും ഏർപ്പെടുത്തുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ, പുനരധിവാസ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് അവരുടെ വാസസ്ഥലത്തിനടുത്ത് സൗകര്യപ്രദമായ നിലയിൽ വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി കണ്ടെത്തി വാങ്ങി നൽകുന്നതിനായി 3-3-2013 ലെ സ.ഉ.(എംഎസ്.) നമ്പർ 68/13/പജ.പവ.വിവ, 23-10-2013-ലെ സ.ഉ.(എംഎസ്.)നമ്പർ 84/13/പജ.പവ.വിവ. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് 25 സെന്റിൽ കുറയാതെയും ഒരേക്കറിൽ കവിയാതെയും കൃഷിയോഗ്യവും വാസയോഗ്യവുമായ സഹകാര്യ ഭൂമി 10 ലക്ഷം രൂപ അധികരിക്കാതെ വിലയ്ക്ക് വാങ്ങിനൽകുന്ന പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നു.

(ബി) റവന്യൂ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, കൃഷി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ് തുടങ്ങിയ സർക്കാർ വകുപ്പുകളും കെ.എസ്.ഇ.ബി, കേരള വാട്ടർ അതോറിറ്റി, അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി, നിർമ്മിതി കേന്ദ്രം തുടങ്ങിയ സർക്കാർ ഏജൻസികളും സഹകരിക്കുന്നു.

(സി) എല്ലാ ജില്ലാ ടി.ആർ.ഡി.എം. മിഷനുകളിലും മേൽപ്പറഞ്ഞ വകുപ്പുകളുടെ ജില്ലാ ആഫീസർമാർ അംഗങ്ങളാണ്. പുനരധിവാസ പ്രവർത്തനങ്ങളും പദ്ധതികളും കാര്യക്ഷമമാക്കുന്നതിന് അതാത് മേഖലകളിൽ നടപ്പിലാക്കേണ്ട വികസന

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതികൾ ബന്ധപ്പെട്ട വകുപ്പുകൾ മുഖേന പ്രൊപ്പോസലുകളും എസ്റ്റിമേറ്റും തയ്യാറാക്കി ജില്ലാ മിഷൻ പരിശോധിച്ച് എംപവേർഡ് മിഷൻ കമ്മിറ്റിക്ക് ശുപാർശ ചെയ്യാറുണ്ട്. എംപവേർഡ് മിഷൻ കമ്മിറ്റി അംഗീകാരത്തോടെ അത് നടപ്പിലാക്കാനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്. ജില്ലാ തലത്തിൽ തന്നെയാണ് പദ്ധതികൾ നടപ്പാക്കുന്നത്. സംസ്ഥാന മിഷൻ ഓഫീസ് പദ്ധതി നിർവ്വഹണം വിലയിരുത്തുന്നുണ്ട്.

ആദിവാസി ക്ഷേമത്തിന് അനുവദിക്കുന്ന ഫണ്ടുകളുടെ വകമാറ്റം

235 (6686) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികൾക്ക് അനുവദിക്കുന്ന പദ്ധതി തുകകൾ ഭൂരിഭാഗവും മറ്റ് മേഖലയിലുള്ളവർ ചൂഷണം ചെയ്യുകയാണെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) പോഷകാഹാര വിതരണത്തിലുള്ള വീഴ്ചയും ആരോഗ്യ പരിപാലനത്തിന് വിവിധ വകുപ്പുകളുടെ ഏകോപനം കാര്യക്ഷമമാക്കുന്നതിന് സാധിക്കാത്തതും ശിശുമരണങ്ങൾക്കും മാരകരോഗങ്ങൾ പടരുന്നതിനും കാരണമാകുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ആദിവാസികളുടെ ക്ഷേമത്തിനനുവദിക്കുന്ന ഫണ്ടുകൾ പ്രസ്തുതവിഭാഗത്തിന് തന്നെ ഉപയുക്തമാകുന്നു എന്നുറപ്പുവരുത്താൻ എന്തെങ്കിലും ക്രിയാത്മക നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്രിയാത്മകമായ ഇടപെടലിലൂടെ വിവിധ വകുപ്പുകളുടെ ഏകോപനവും കാര്യക്ഷമമായ പ്രവർത്തനങ്ങളും ഉറപ്പ് വരുത്തുന്നുണ്ട്.

(സി) ആദിവാസികളുടെ ക്ഷേമത്തിനായി അനുവദിക്കുന്ന തുകകൾ അവരുടെ ക്ഷേമത്തിനായി തന്നെയാണ് വിനിയോഗിക്കുന്നത്. ഇത് ഉറപ്പുവരുത്തുന്നതിന് വകുപ്പുതല പരിശോധനയും സർക്കാർതല പരിശോധനയും നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly